പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 407 — 4/02/2014 ൽ മറുപടിയ്ക്ക്

# പൊതു വിദ്യാലയങ്ങളിലെ ലൈബ്രറികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ :<br>ശ്രീ. ഇ. ചന്ദ്രശേഖരൻ :<br>ശ്രീ. വി. ശശി :<br>ശ്രീമതി. ഗീതാ ഗോപി : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എത്ര പൊതു വിദ്യാലയങ്ങളിൽ ലൈബ്രറികൾ ഉണ്ട് ; ഇവയിൽ പ്രവർത്തനക്ഷമമായ ലൈബ്രറികൾ എത്ര ; | (എ) സംസ്ഥാനത്തെ ഗവ/ എയിഡഡ് മേഖലകളിലായി 7251 ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) വിദ്യാലയങ്ങളിലെ ലൈബ്രറികളെ സംബന്ധിച്ച ഏതെങ്കിലും പഠന റിപ്പോർട്ടുകൾ നിലവിലുണ്ടോ ; എങ്കിൽ ഈ പഠന റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണെന്നും അവ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ; | (ബി) വിദ്യാലയങ്ങളിലെ ലൈബ്രറികളെ സംബന്ധിച്ച് പഠന റിപ്പോർട്ട് നിലവിലില്ല. |
| (സി) വിദ്യാലയങ്ങളിലെ ലൈബ്രറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (സി) ഇപ്പോഴുള്ള ലൈബ്രറികൾ കാര്യക്ഷമമായാണ് പ്രവർത്തിക്കുന്നത്. പോരായ്മകൾ ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ